ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷനിൽ റീജിയണൽ മാനേജരായി നിയമനം

413. [599] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഹരിജൻ/ഗിരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ റീജിയണൽ മാനേജർമാരായി നിയമിക്കുവാൻ ഡപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തുവാനുള്ള അധികാരം പ്രസ്തുത കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് തിരുവനന്തപുരം റീജിയണൽ മാനേജരായിട്ട് ബോർഡ് നിയമാനുസൃതം ഇൻറർവ്യൂ നടത്തി സെലക്ട് ചെയ്ത ഗവൺമെൻറിന്റെ അംഗീകാരത്തിനായി വിട്ട വ്യക്തിയെ ഗവൺമെൻറ് അംഗീകരിക്കാതിരിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(സി) മുൻപ് തിരുവനന്തപുരം റീജിയണൽ മാനേജരായിരുന്ന ആളിന് ഫീൽഡ് എക്സ്പീരിയൻസ് ഉണ്ടായിരുന്നുവോ ;

(ഡി) ഇപ്പോഴത്തെ കോട്ടയം റീജിയണൽ മാനേജർക്ക് ഫീൽഡ് എക്സ്പീരിയൻസുണ്ടോ ;

(ഇ) ഇപ്പോൾ തിരുവനന്തപുരം റീജിയണൽ മാനേജരായിട്ട് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ ബോർഡ് നിയമാനുസരണം ഇൻറർവ്യൂ നടത്തി എടുത്തതാണോ ;

(എഫ്) വയനാട് റീജിയണൽ മാനേജരായിട്ട് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) തെരഞ്ഞെടുക്കാനുള്ള അധികാരം ഉണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗവികസന കോർപ്പറേഷന്റെ ആർട്ടിക്കിൾസ് ആഫ് അസോസിയേഷന്റെ 42 (1) ആർട്ടിക്കിൾ അനുസരിച്ച് 1000 രൂപയോ അതിൽ കൂടുതലോ മാക്സിമം ശമ്പളമുള്ള തസ്തികയിലേക്കുള്ള നിയമനം സർക്കാർ അംഗീകരിക്കണമെന്നുണ്ട്. തിരുവനന്തപുരം റീജിയണൽ മാനേജരായിട്ട് നിയമിക്കാൻ കോർപ്പറേഷന്റെ ബോർഡ് തെരഞ്ഞെടുത്ത വ്യക്തികളെ അവർ പ്രസ്തുത പദവിയ്ക്കനുയോജ്യരല്ലാത്തതുകൊണ്ട് സർക്കാർ അവരുടെ നിയമനം അംഗീകരിച്ചില്ല.

(സി) ഇല്ലായിരുന്നു.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ തിരുവനന്തപുരം റീജിയണൽ മാനേജരായിട്ട് നിയമിക്കപ്പെട്ടിട്ടുള്ളയാൾ ബോർഡ് ഔപചാരികമായി ഇൻറർവ്യൂ നടത്തി എടുത്തയാളല്ലെങ്കിലും കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കോർപ്പറേഷൻ തെരഞ്ഞെടുത്തയാളാണ്. അദ്ദേഹം ഇതിനു മുമ്പ് കോർപ്പറേഷന്റെ പാലക്കാട് റീജിയണൽ മാനേജരായിട്ട് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly